# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ. 6057 7/07/2014 ൽ മറുപടിക്ക്**

പഞ്ചായത്തുകളെ സ്ത്രീ-ശിശു സൗഹാർദ്ദമാക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ:<br>,, വി.പി. സജീന്ദ്രൻ:<br>,, ലൂഡി ലൂയിസ്:<br>,, എം.പി. വിൻസെന്റ്: | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) പഞ്ചായത്തുകളെ സ്ത്രീ - ശിശു സൗഹാർദമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) 2013 ഫെബ്രുവരി മാസം 1-ാം തീയതി ബഹു.കേരളാ ഗവർണ്ണർ നിയമസഭയിൽ ചെയ്ത നയപ്രഖ്യാപനത്തിൽ ആദ്യ ഘട്ടമായി ഓരോ ജില്ലയിലേയും ഒരു പഞ്ചായത്ത് 2013- 2014 ൽ വുമൺ ആന്റ് ചൈൽഡ് ഫ്രണ്ട്‌ലി പഞ്ചായത്തായി പ്രഖ്യാപിക്കുന്നതാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിന് പാർശ്വവൽക്കരിക്കപ്പെട്ടവരും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ മുഴുവൻ വിഭാഗങ്ങൾക്കും (സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, പരമ്പരാഗത മത്സ്യ തൊഴിലാളികൾ, പരമ്പരാഗത തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവർ) പ്രത്യേകം പരിഗണിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ സ്കൂളുകളിൽ പെൺകുട്ടികൾക്ക് മാത്രമായി അവരുടെ എണ്ണത്തിന് ആനുപാതികമായി മൂത്രപ്പുരകളും കക്കൂസുകളും നിർമ്മിച്ചു നൽകൽ, സ്ത്രീകൾ ധാരാളമായി എത്തുന്ന തദ്ദേശ ഭരണ സ്ഥാപന ഓഫീസ്, ആശുപത്രികൾ, മൃഗാശുപത്രി, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലും ബസ് സ്റ്റാന്റുകളിലും അതുപോലെ സ്ത്രീകൾ ധാരാളമായി വന്നെത്തുകയും കൂടാതെ തൊഴിൽ ചെയ്യുകയും ചെയ്യുന്ന മാർക്കറ്റുകൾ, ചന്തകൾ എന്നിവിടങ്ങളിലും സ്ത്രീകൾക്ക് മാത്രമായ മൂത്രപ്പുരകളും കക്കൂസുകളും നിർമ്മിച്ച് നൽകൽ, സ്ത്രീകൾ ധാരാളമായി വന്നെത്തുന്ന തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളിലും ബസ് സ്റ്റാന്റുപോലുള്ള പൊതുസ്ഥലങ്ങളിലും മുലയൂട്ടുന്ന അമ്മമാർക്ക് സുരക്ഷിതമായ മുറികൾ സജ്ജമാക്കുകയും ചെയ്യൽ, സ്ത്രീ, കുടുംബനാഥയായിട്ടുള്ള കുടുംബത്തിലെ |

സ്ത്രീക്ക് വീട്, കക്കൂസ്, കുടിവെള്ളം എന്നിവ ലഭ്യമാക്കൽ തുടങ്ങിയവ ലക്ഷ്യമിടുന്നു. കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന ബാല പഞ്ചായത്ത്, ബാല സഭ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കുടംബശ്രീ മാനദണ്ഡങ്ങൾക്ക് വിധേയമായി ഏറ്റെടുക്കുന്നതിലൂടെ കുട്ടികളുടെ കലാ-കായിക-മാനസിക-സാംസ്കാരിക പങ്കാളിത്ത വികസനം ലക്ഷ്യമാക്കുന്നു.

(സി) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

(സി)യും (ഡി)യും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനായി 'നിർഭയ പദ്ധതി' രൂപീകരിച്ചിട്ടുണ്ട്. നിർഭയ പദ്ധതിയിൻ കീഴിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി പഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതികൾ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജാഗ്രതാ സമിതിയിലൂടെ സ്ത്രീ കൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തുടങ്ങിയുള്ള പരാതികളിൻമേൽ തീർപ്പുണ്ടാക്കുന്നതിനും സംരക്ഷണം കൊടുക്കുന്നതിനുള്ള നടപടികൾ എടുക്കുന്നു.

സെക്ഷൻ ഓഫീസർ